**കേരള കാർഷികസർവകലാശാല**
**വനശാസ്ത്ര കോളേജ്, വെള്ളാനിക്കര, തൃശ്ശൂർ-680656**
**ഫോൺ:0487-2438401, ഇ-മെയിൽ:deanforestry@kau.in**

നം.COFVKA/1896/2025-B2 തീയതി: 27-12-2025

**<u>വിജ്ഞാപനം</u>**

വിഷയം : കെ.എ.യു. - വനശാസ്ത്ര കോളേജ് – സിൽവികൾച്ചർ ആന്റ് അഗ്രോഫോറസ്ട്രി – അസിസ്റ്റന്റ് പ്രൊഫസർ (താത്ക്കാലിക – കരാർ നിയമനം) – സംബന്ധിച്ച്.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വനശാസ്ത്ര കോളേജിൽ സിൽവികൾച്ചർ ആന്റ് അഗ്രോഫോറസ്ട്രി വിഭാഗത്തിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ (പ്രതിമാസം 44100/- രൂപ ഏകീകൃത ശമ്പളം) അസിസ്റ്റന്റ് പ്രൊഫസറെ നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം നൽകിയിരിക്കുന്ന മാതൃകയിൽ 09/01/2026 തിയ്യതിയ്ക്കകം deanforestry@kau.in എന്ന ഇ-മെയിൽ മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**<u>Essential Qualifications</u>**

| Subject | Number of Vacancies | Educational Qualifications | Remuneration (Rs) | Duration |
|---|---|---|---|---|
| Silviculture And Agroforestry | 1 | a. A Master's Degree with 55% marks (or an equivalent grade in OGPA/Point – scale wherever the grading system is followed) in a concerned/relevant/allied subject from an Indian University or an equivalent degree from an accredited foreign university.<br>b. National Eligibility Test | ₹44,100 per month | 1 Year (Temporary Contract) |

| | | | | |
|---|---|---|---|---|
| | | (NET) conducted by UGC, ICAR, CSIR or a similar accredited State Eligibility Test (SLET/SET) on the last date of submission of application.<br>c. Candidate who has been awarded a Ph.D. Degree is exempted from NET/SLET/SET.<br>**Desirable:** Knowledge in Malayalam language to read and write. | | |

മേൽ തസ്തികയിലേക്കുള്ള അഭിമുഖം 17/01/2026 തിയ്യതിയിൽ വനശാസ്ത്ര കോളേജ്, വെള്ളാനിക്കരയിൽ വെച്ച് നടത്തുന്നതാണ്. ഇന്റർവ്യൂവിന് മുന്നോടിയായുള്ള സർട്ടിഫിക്കറ്റ് പരിശോധനക്കായി അന്നേദിവസം രാവിലെ 9:30 മണിക്ക് ഉദ്യോഗാർത്ഥികൾ ഓഫീസിൽ ഹാജരാകേണ്ടതാണ്. NET യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ NET ഇല്ലാത്ത ഉദ്യോഗാർത്ഥികളെ നിയമനത്തിന് പരിഗണിക്കുന്നതാണ്.

**<u>പൗരത്വം,പ്രായപരിധി</u>**

ഉദ്യോഗാർത്ഥി ഒരു ഇന്ത്യൻ പൗരനായിരിക്കണം. ഉദ്യോഗാർത്ഥികളുടെ പ്രായം 31/12/2025-ന് 50 വയസ്സ് അധികരിക്കരുത്. സർക്കാർ നിയമനപ്രകാരമുള്ള വയസ്സിളവിന് ഉദ്യോഗാർത്ഥികൾ അർഹരായിരിക്കും.

**<u>അപേക്ഷ സമർപ്പിക്കൽ</u>**

അപേക്ഷകൾ വിദ്യഭ്യാസ യോഗ്യതയുടെ പകർപ്പുകൾ സഹിതം (ഡീൻ ഓഫ് ഫാക്കൽറ്റി, വനശാസ്ത്ര കോളേജ്, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ) deanforestry@kau.in എന്ന ഇ-മെയിൽ വിലാസത്തിൽ 09/01/2026 തിയ്യതി വൈകീട്ട് 5 മണിക്ക് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വൈകി എത്തുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**<u>അഭിമുഖം</u>**

എല്ലാ ഉദ്യോഗാർത്ഥികളും 17/01/2026 തിയ്യതിയിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് പരിശോധന രാവിലെ 9:30-ന് ആരംഭിക്കും. അഭിമുഖം 10 മണി മുതൽ നടക്കും. ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട എല്ലാ രേഖകളുടേയും അസ്സൽ കൊണ്ടുവരികയും കൃത്യ സമയത്ത് തൃശ്ശൂരിലുള്ള കേരള കാർഷിക സർവ്വകലാശാല വനശാസ്ത്ര കോളേജ് ആസ്ഥാനത്ത് എത്തിചേരേണ്ടതുമാണ്.

**<u>നിബന്ധനകളും വ്യവസ്ഥകളും</u>**

1. കരാർ നിയമനങ്ങളുടെ കാലാവധി വിജ്ഞാപനപ്രകാരമുള്ള കാലാവധി ആയിരിക്കും. കരാർ അടിസ്ഥാനത്തിൽ നിയമനം നേടുന്ന ഉദ്യോഗാർത്ഥികൾക്ക് വിജ്ഞാപനപ്രകാരമുള്ള വേതനത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. നിയമനം നേടുന്ന ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുമ്പോൾ **200** രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ കരാർ സമർപ്പിക്കണം. കരാർ നിയമനം നേടുന്ന ഉദ്യോഗാർത്ഥികൾക്ക് സർവ്വകലാശാല ഭാവിയിൽ നടത്തുന്ന നിയമനങ്ങളിൽ യാതൊരുവിധ മുൻഗണനയോ/പരിഗണനയോ ലഭിക്കുന്നതല്ല.
2. പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, അധികയോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അഭിമുഖ സമയത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
3. അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ആവശ്യമെങ്കിൽ അഭിമുഖത്തിന് മുന്നോടിയായി എഴുത്തു പരീക്ഷ നടത്തുന്നതായിരിക്കും.
4. ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത/ക്ഷാമബത്ത അനുവദിക്കുന്നതല്ല.
5. കരാർ നിയമനം നേടുന്ന ഉദ്യോഗാർത്ഥികൾ കേരള കാർഷിക സർവ്വകലാശാലയുടെ നിയമങ്ങൾ & ചട്ടങ്ങൾ (**Acts & Statutes**) പ്രകാരം ഡീൻ ഓഫ് ഫാക്കൽറ്റി, വനശാസ്ത്ര കോളേജ് ഏൽപ്പിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും നിർവഹിക്കേണ്ടതാണ്.
6. കരാർ കാലയളവിൽ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ കരാർ നിയമനം റദ്ദാക്കുന്നതാണ്. ഉദ്യോഗാർത്ഥി കരാർ കാലയളവിൽ വ്യക്തമായ കാരണമില്ലാതെ നോട്ടീസ് നൽകാതെ പിരിഞ്ഞുപോവുകയാണെങ്കിൽ ഒരു മാസത്തെ വേതനം സർവ്വകലാശാല ഈടാക്കുന്നതാണ്.
7. യോഗ്യത സംബന്ധിച്ച് അന്തിമ തീരുമാനം കാർഷിക സർവ്വകലാശാല നിയമങ്ങൾക്കും / ചട്ടങ്ങൾക്കും (**Acts & Statutes**) വിധേയമായിട്ടായിരിക്കും.

വിശ്വസ്തതയോടെ,

**Dr. S GOPAKUMAR**
**DEAN OF FACULTY (FORESTRY)**

പകർപ്പ് : **Registrar/ DIS (publishing in KAU website)/PRO/DE (for wide publicity)/CEG/Notice Board/KAU Website.**